## ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ ജനസംഖ്യ (സെൻസസ് 2011)

| പഞ്ചായത്ത് | പട്ടികജാതി | | | പട്ടികവർഗ്ഗം | | | പൊതുവിഭാഗം | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | പുരുഷൻ | സ്ത്രീ | ആകെ | പുരുഷൻ | സ്ത്രീ | ആകെ | പുരുഷൻ | സ്ത്രീ | ആകെ | പുരുഷൻ | സ്ത്രീ | ആകെ |
| ബാലുശ്ശേരി | 1843 | 1879 | 3722 | 87 | 95 | 152 | 11047 | 12412 | 23459 | 12977 | 14386 | 27363 |
| കൂരാച്ചുണ്ട് | 670 | 664 | 1334 | 57 | 59 | 116 | 7697 | 7880 | 15577 | 8424 | 8603 | 17027 |
| കോട്ടൂർ | 1652 | 1647 | 3299 | 488 | 493 | 981 | 12692 | 14010 | 26702 | 14832 | 16150 | 30982 |
| നടുവണ്ണൂർ | 1458 | 1478 | 2936 | 25 | 30 | 55 | 10777 | 12211 | 22988 | 12260 | 13719 | 33971 |
| പനങ്ങാട് | 2092 | 2291 | 4383 | 209 | 205 | 414 | 13832 | 15342 | 29174 | 16133 | 17838 | 33971 |
| ഉള്ളിയേരി | 1954 | 2036 | 3990 | 16 | 16 | 29 | 13315 | 15175 | 28490 | 15285 | 17224 | 32509 |
| ഉണ്ണികുളം | 2332 | 2452 | 4784 | 135 | 137 | 272 | 20971 | 23321 | 44292 | 23438 | 25910 | 49348 |
| ആകെ | 12001 | 12447 | 24448 | 1017 | 1032 | 2049 | 90331 | 100351 | 190682 | 103349 | 113830 | 217179 |



# ഭൂപ്രകൃതിയും പാരിസ്ഥിതിക സവിശേഷതകളും

സ്ഥാനം: കോഴിക്കോട് ജില്ലാ ആ സ്ഥാനത്ത് നിന്നും 25 കിലോമീറ്റർ വടക്ക് ദിശയിലാണ് ബ്ലോക്ക് പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. കണയങ്കോട്, വയലട, കക്കയം, കിനാലൂർ ഉൾപ്പടെയുള്ള നിർദ്ദി ഷ്ട ടൂറിസ്റ്റ് ഇടനാഴിയിൽ വരുന്ന പ്രദേശ ങ്ങൾ ഉൾക്കൊള്ളുന്ന ബാലുശ്ശേരി ബ്ലോ ക്ക് പഞ്ചായത്ത് പ്രകൃതിഭംഗിയാൽ അനു ഗ്രഹീതമാണ്. അനേകം മലകളും ചെറുകു ന്നുകളും അവയുടെ താഴ്‌വാരങ്ങളും തോടുകളും നീർച്ചാലുകളും വർഷകാ ലത്ത് ശക്തമാകുന്ന ചെറുവെള്ളച്ചാ ട്ടങ്ങളും എല്ലാം പ്രദേശത്തെ സമ്പന്നമാ ക്കുന്നു. ഭൂപ്രകൃതി അനുസരിച്ച് ബാലുശ്ശേരിയെ മലയോരം, സമതലം, വയൽപ്രദേശം, പുഴതീരങ്ങൾ എന്നിങ്ങ നെ തരംതിരിക്കാം.

കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ ഓലതൂക്കി മലയാണ് ഏറ്റവും ഉയരമുള്ള പ്രദേശം. (സുമാർ 900 മീറ്റർ) കുറ്റ്യാടി ഹൈഡ്രോഇലക്ട്രിക പ്രോജക്ട് സ്ഥിതി ചെയ്യുന്ന കക്കയം എന്ന പേരിലറിയ പ്പെടുന്ന പ്രദേശം കൂരാച്ചുണ്ട് ഗ്രാമപഞ്ചാ യത്തിലാണ്. കൂരാച്ചുണ്ട് ഗ്രാമപഞ്ചായ ത്തിനെ പൊതുവേ മലയോര പഞ്ചായത്ത് എന്ന നിലക്ക് കാണാം. കൂടാതെ പനങ്ങാടി ന്റെ വടക്ക്-കിഴക്ക് ഭാഗവും കോട്ടൂരിന്റെ കിഴക്ക് ഭാഗവും മലയോര മേഖലയാണ്. പുവത്താംകുന്ന്, കാറ്റുള്ള മല, ഓലതുക്കി, കിളികുടുക്കി, മണിച്ചേരി, പേരിയ, കാന്തലാട്, വയലട, തോരാട്, തുരുത്തി, വാഴോറ തുടങ്ങിയ മലകളും ബ്ലോക്ക് പഞ്ചായത്ത് പരിധിയിലാണ്. കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് ഒഴികെ മറ്റു പഞ്ചായത്തു കളിൽ ഏറ്റക്കുറച്ചിലോടെ നെൽകൃഷി ചെയ്യുന്ന വയലുകളുണ്ട്. ഉള്ളിയേരി, നടുവണ്ണൂർ പഞ്ചായത്തുകളിൽ കോരപ്പുഴയോട് ചേർന്ന ഭാഗങ്ങളിൽ തീരദേശ പ്രകൃതിയാണ്.

സംസ്ഥാന ശരാശരിയെക്കാൾ കൂടു തൽ മഴ ലഭിക്കുന്ന പ്രദേശമാണ് ബാലു ശ്ശേരി എങ്കിലും 2018 ലും 2019 ലും ഉണ്ടായ മഹാപ്രളയത്തിൽ ആൾനാശം ഉണ്ടാകത്ത ക്കദുരി തങ്ങൾ ബ്ലോക്ക് പഞ്ചായത്ത് പരിധി യിൽ ഉണ്ടായിട്ടില്ല എന്നത് ആശ്വാസകര മാണ്. കുറ്റ്യാടി പുഴയുടെ പ്രധാന കൈവഴി യായ കക്കയം പുഴയും മഞ്ഞപ്പുഴ എന്ന് അറിയപ്പെടുന്ന രാമൻ പുഴയും ഉൽഭവിക്കു ന്നതും പുഴയായി രൂപംകൊള്ളുന്നതും ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽനിന്നാണ്. പൂനൂർപുഴ ബ്ലോക്കിന്റെ കിഴക്കെ അതിരിലൂ ടെ ഒഴുകുന്നു. ഈ പുഴയുടെ പോഷക ത്തോടുകളായ ചുരത്തോടും അറുക്കിൻ തോടും പനങ്ങാട് പഞ്ചായത്തിലെ തലയാട്, കിനാലൂർ ഭാഗങ്ങളിൽ നിന്നും ഉത്ഭവിക്കു ന്നു. കൂരാച്ചുണ്ടിലെ 50 ഓളം തോടുകളാണ് കുറ്റ്യാടി പുഴയുടെ പ്രധാന കൈവഴിയായ കക്കയം പുഴയിലേക്ക് ജലം എത്തിക്കുന്നത്. പനങ്ങാട്, ബാലുശ്ശേരി, കോട്ടൂർ പഞ്ചായ ത്തുകളിലെ 60 ലേറെതോടുകളിലൂടെ ഒഴുകി എത്തുന്ന ജലമാണ് കിനാലൂരിൽ നിന്നും ഉൽഭവിക്കുന്ന മഞ്ഞപ്പുഴയുടെ പ്രധാന സ്രോതസ്സുകൾ. മഞ്ഞപ്പുഴ ബ്ലോക്ക് പഞ്ചാ യത്തിന്റെ മധ്യഭാഗത്തുകൂടെ ഒഴുകിയാണ് കോരപ്പുഴയിൽ ചേരുന്നത്.

**മൺതരങ്ങൾ:**-ഉയർന്ന പ്രദേശങ്ങളി ൽ വനമണ്ണ്, കരിമണ്ണ് എന്നിവയും വയലു കളിൽ മണൽമണ്ണ്, കളിമണ്ണ് എന്നിവയും കാണപ്പെടുന്നു. താഴ്‌വാരങ്ങളിലെ പറമ്പുക ളിൽ ചരൽ കലർന്ന ചെമ്മണ്ണും ചെങ്കല്ലുമാ ണ് ധാരാളമായി കാണുന്നത്.

**സമ്പദ്ഘടന:-** ബ്ലോക്ക് പഞ്ചായത്തിന്റെ സമ്പദ്ഘടനക്ക് കരുത്ത് പകരുന്ന പ്രധാന ഘടകം കാർഷിക മേഖലയും അനുബന്ധ ഘടകങ്ങളുമാണ്. നാളീകരമാണ് പ്രധാന കാർഷികവിള. നെല്ല്, റബ്ബർ, കവുങ്ങ്, വാഴ, കിഴങ്ങ് വർഗ്ഗങ്ങൾ, പച്ചക്കറി, സുഗന്ധദ്രവ്യ കൃഷി ഇതെല്ലാം കർഷകരുടെ ജീവിതോപാ ധിയാണ്. കാർഷികമേഖലയുടെ അനുബ ന്ധമായി പശു, ആട്, പന്നി, കോഴി, വളർത്ത ലുകളും സജീവമാണ്. ബ്ലോക്ക് പരിധിയിലെ പ്രധാന അങ്ങാടികളായ ബാലുശ്ശേരി, കോക്കല്ലൂർ, ഉള്ളിയേരി, കന്നൂർ, നടുവ ണ്ണൂർ, കൂട്ടാലിട, കൂരാച്ചുണ്ട്, തലയാട്, പൂനൂർ, എകരൂൽ, വട്ടോളിബസാർ തുട ങ്ങിയ ഇടങ്ങളിൽ ചെറുതും വലുതുമായ കച്ചവടക്കാരും നമ്മുടെ സമ്പദ് വ്യവസ്ഥ യിൽ സ്വാധീനം ചെലുത്തുന്നവരാണ്. സർക്കാർ ജീവനക്കാരായും സ്വകാര്യമേഖല യിലെ ശമ്പളക്കാരായവരും ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ചെറുതല്ലാത്ത അളവിലുണ്ട്.

**തനതുവിവരങ്ങൾ** : നടുവണ്ണൂർ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന കേരഫെഡ്, ടെക്സ് ഫെഡ് എന്നീ വ്യവസായ സ്ഥാപനങ്ങളും വിവിധ പഞ്ചായത്തുകളിലെ ചെറുകിട വ്യവസായ സംരംഭങ്ങളും സഹകരണ സ്ഥാപനങ്ങളും പരമ്പരാഗത തൊഴിലുകളെ പ്രോത്സാഹിപ്പിക്കുന്ന നെയ്ത്ത്, കൈത്തറി, കയർ സൊസൈറ്റികളും ബ്ലോക്ക് പഞ്ചായ ത്ത് പരിധിയിൽ പ്രവർത്തിക്കുന്നു. നൂറ് കണക്കിന് വനിതകൾ ജോലിചെയ്യുന്ന ഖാദി നൂൽനൂൽപ്പ്കേന്ദ്രങ്ങൾ എല്ലാ പഞ്ചായത്തുകളിലും പ്രവർത്തിച്ച് വരുന്നു. ജില്ലയിലെ തന്നെ പ്രശസ്തമായ പ്രൊഫഷ ണൽ എഞ്ചിനയീർകോളേജ്ആയ എം.ഡിറ്റ് കോളേജ് ബ്ലോക്ക് പ്രദേശത്ത് ചെയ്യുന്നു. കിനാലൂരിൽ ജില്ലാ വ്യവസായ കേന്ദ്രത്തോ ട് ചേർന്ന് പ്രവർത്തിക്കുന്ന ഉഷ സ്കൂളും സിന്തറ്റിക് മൈതാനിയും നടുവണ്ണൂരിലെ വോളീബോൾ അക്കാദമിയും കായിക രംഗത്ത് ശ്രദ്ധേയമായ വളർച്ചയുടെ ദൃഷ്ടാന്തമാണ്. സ്വന്തം കെട്ടിടത്തിൽ ഒരു സർക്കാർ കോളേജ് ബ്ലോക്ക് പരിധിയിൽ കിനാലൂരിൽ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നതും അഭിമാനകരമാണ്. നൂറു മെഗാ വാട്ടിലധികം വൈദ്യുതി ഉൽപദാനശേ ഷിയുള്ള കക്കയത്തെ ഹൈഡ്രോ ഇലക്ട്രിക് പവർ സ്റ്റേഷനും ബ്ലോക്ക് പരിധിയിലാണ്. ദക്ഷിണേന്ത്യയിലെ പ്രഥമഗണനീയ സ്ഥാനം വഹിക്കുന്ന ഏറെ സാധ്യതകളുള്ള ഭക്ഷ്യസംസ്കരണ കേന്ദ്രം നമ്മുടെ ബ്ലോക്കിലാണ് സ്ഥിതി ചെയ്യുന്നത്. 300 ഏക്കറിലധികം സ്ഥലത്ത് പടർന്ന് കിടക്കുന്ന കിനാലൂരിലെ ജില്ലാ വ്യവസായ കേന്ദ്രത്തിൽ ഒട്ടേറെ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചതും നല്ല നിലയിൽ മുന്നോട്ട്പോകുന്നതും ആശാവഹമായ കാര്യങ്ങളായി കാണുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളിൽ ഒന്നായ കൃഷി അസി. ഡയറക്ടറുടെ ഓഫീ സ് ബ്ലോക്ക് പരിധിയിൽ സ്ഥിതി ചെയ്യുന്നു. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഏഴ് പഞ്ചായത്തുകളിലെയും കാർഷികപ്രവർ ത്തനങ്ങളെ ത്വരിതപ്പെടുത്തുന്ന കൃഷിഭവ നുകൾ ഈ സ്ഥാപനത്തിന്റെ നിയന്ത്ര ണത്തിലാണ് പ്രവർത്തിക്കുന്നത്. മറ്റൊരു ഘടകസ്ഥാപനമായ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസും ബാലുശ്ശേരി അഡീഷണൽ പ്രോജക്ട് ഓഫീസും പ്രവർത്തിച്ചുവരുന്നു. 227 അംഗനവാടിക ളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നത് ഈ സ്ഥാപനങ്ങളാണ്. ബാലുശ്ശേരി, ഉണ്ണികുളം, പനങ്ങാട് പഞ്ചായത്തുകൾ ബാലുശ്ശേരി പ്രോജക്ടിനുള്ളിലും ഉള്ളിയേരി, നടുവ ണ്ണൂർ, കോട്ടൂർ, കൂരാച്ചുണ്ട് പഞ്ചായത്തു കൾ അഡീഷണൽ പ്രോജക്ടിനു കീഴിലും പ്രവർത്തിച്ചുവരുന്നു.



ബാലുശ്ശേരി ബ്ലോക്ക് ക്ഷീരവികസന ഓഫീസ് പാലുൽപാദന രംഗത്ത് ഒരു കുതിച്ചുചാട്ടം കാഴ്ചവെക്കാൻ കഴിഞ്ഞിട്ടുള്ള ഘടക സ്ഥാപനമാണ്. ഈ ഓഫീസിന്റെ മേൽനോട്ടത്തിൽ 28 ക്ഷീരസംഘങ്ങൾ വിവിധ പഞ്ചായത്തുകളി ലായി പ്രവർത്തിക്കുന്നു.

പട്ടികജാതി വികസന ഓഫീസ് ബ്ലോക്കിലെ 7 പഞ്ചായത്തുകളിലെയും പട്ടികജാതി വിഭാഗക്കാരുടെ വിവിധങ്ങളായ പുരോഗതിക്കാവശ്യമായ ഇടപെടലുകൾ നടത്തികൊണ്ടിരിക്കുന്നു. ഈ സ്ഥാപന ത്തിന്റെ ഭാഗമായ എസ്. സി പ്രമോട്ടർമാർ പഞ്ചായത്തുകളിലെ എസ്. സി. സങ്കേതങ്ങ ളുമായി നിരന്തരം സമ്പർക്കത്തിൽ ഏർപ്പെട്ട് പ്രവർത്തിച്ച കൊണ്ടിരിക്കുന്നു. 217 എസ്. സി കോളനികളും ഒരു പ്രീമെട്രിക് ഹോസ്റ്റലും നിലവിലുണ്ട്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി-ബി.ഡി.ഒ, ബി.പി.ഒ എന്നീ നിലകളിലുള്ള ജീവനക്കാ രുടെ ഏകോപനം സാധ്യമാക്കി ഓഫീസി ന്റെ പ്രധാന ചുമതലക്കാരനായി പ്രവർത്തി ക്കുന്നു. വ്യവസായ വികസനഓഫീസ് പ്രവർത്തനം ബ്ലോക്ക് പരിധിയിൽ പ്രാദേശി കസാമ്പത്തിക വികസനം ലക്ഷ്യമാക്കി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ജനറൽ എക്സ്റ്റൻഷൻ ഓഫീസ് വനിതാ വികസന ഓഫീസ് എന്നിവയും അനുബന്ധമായും പ്രവർത്തിച്ചുവരുന്നു. പൊതുമരാമത്ത് പ്രവർത്തികൾ നിർവ്വഹിക്കുന്നതിനായി ഒരു അസി. എക്സി. എഞ്ചിനീയറും അതിന് കീഴിലായ് അസി. എഞ്ചിനീയറും ഓവർ സിയർമാരും മറ്റ് അനുബന്ധ സ്റ്റാഫുമുണ്ട്.

**വിദ്യാഭ്യാസം, സാമൂഹികം, സാംസ്കാരികം**

ഔപചാരിക വിദ്യാഭ്യാസ മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിനു നേരിട്ട് നിയന്ത്രണമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല എങ്കിലും ബ്ലോക്ക് പരിധിയിൽ 12 ഹയർ സെക്കന്ററി സ്കു ളുകളും 13 ഹൈസ്കൂളുകളും 52 പ്രൈമറി സ്കൂളുകളും ഒരു സർക്കാർ കോളേജും സഹകരണ മേഖലയിൽ ഒരു എഞ്ചിനീയറിംഗ് കോളേജും സ്വകാര്യമേഖലയിൽ കോളേജ്, നഴ്സറി തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രവർത്തിച്ചുവരുന്നു. അനൗപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി 2 നോഡൽ പ്രേരക്മാരുടെ കീഴിലായി 18 തുടർവിദ്യാകേന്ദ്രങ്ങൾ ഏഴ് ഗ്രാമപഞ്ചായത്തുകളിലായി പ്രവർത്തിച്ചുവരുന്നു. വിവിധ മതവിഭാ ഗങ്ങളിൽ വിശ്വസിക്കുന്നവരാണ് ജനസംഖ്യയിൽ ഭൂരിഭാഗ മെങ്കിലും ജാതി-മത സ്പർധ കൂടാതെയാണ് ജീവിച്ചുപോരുന്നത്. ഹിന്ദു-മുസ്ലിം, ക്രിസ്ത്യൻ മതങ്ങളിൽ വിശ്വസിക്കു ന്നവരുടേതായി മതസ്ഥാപനങ്ങളും ആരാധനാലയങ്ങളും ബ്ലോക്ക് പരിധി യിൽ ഉണ്ട്. പരസ്പര സഹകരണ ത്തോടെയാണ് ആഘോഷപരിപാ ടികൾ നടത്തപ്പെടുന്നത്. കേരളത്തിലെ ഇതര പ്രദേശങ്ങൾ എന്നതുപോലെ നമ്മുടെ പ്രദേശങ്ങളിലും സാംസ്കാരി ക മുന്നേറ്റത്തിന് ആക്കം കൂട്ടിയ ഗ്രന്ഥശാലകളും വായനശാലകളും കലാകായിക സമിതികളും ബ്ലോക്കി ന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചു വരുന്നുണ്ട്. കേരളത്തിന്റെ കവിതാ സാഹിത്യ മണ്ഡലങ്ങളിൽ ജ്വലിച്ചു നിന്ന യശ:ശരീരനായ കവി എൻ. എൻ കക്കാട്, സുപ്രസിദ്ധ നിരൂപ കനും സാഹിത്യകാരനുമായിരുന്ന പ്രൊഫ. എ.പി.പി നമ്പൂതിരി, സുപ്രസി ദ്ധ സിനിമാഗാന രചയിതാവായിരുന്ന ഗിരീഷ് പുത്തഞ്ചേരി, ഖാൻകാവിൽ, എം. ജി നടുവണ്ണൂർ, സിനിമാ സംവിധായകനായ രഞ്ജിത്ത്, സനിമാ നാടക നടി സരസ ബാലുശ്ശേ രി

തുടങ്ങിയവരുടെ ജന്മംകൊണ്ട് അനുഗ്രഹീതമാണ് ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രദേശം.

കായികരംഗത്ത് ഒട്ടേറെ പ്രതിഭകളെ സംഭാവന ചെയ്ത പ്രദേശമാണിത്. വോളീബോൾ രംഗത്ത് ദീർഘകാലമായി പ്രവർത്തിക്കുന്ന ക്ലബ്ബുകൾ നമ്മുടെ പ്രദേശത്തുണ്ട്. മേഘ പനങ്ങാട്, എൻ.ആർ.സി നടുവണ്ണൂർ, യുവജന കോട്ടൂർ, ബ്രദേഴ്സ് മൂലാട്, എന്നിവ ചില ഉദാഹരണങ്ങൾ മാത്രമാണ്. ഇതിനെല്ലാം ഊർജ്ജം പകർന്നു കൊണ്ട് യുവജന കായിക ക്ഷേമവകുപ്പിന്റെ സഹായത്തോടെ ഒരു വോളീ ബോൾ അക്കാദമി നടുവണ്ണൂരിൽ പ്രവർത്തിച്ചുവരുന്നു. ഫുട്ബോൾ രംഗത്ത് മികച്ച പ്രകടനം കാഴ്ചവെക്കുന്ന ഫാൽക്കൺസ് തിരുവോട്, യംഗ് ഫൈറ്റേഴ്സ് കല്ലാനോട് തുടങ്ങിയ ക്ലബ്ബുകളുടെ പ്രവർത്തനങ്ങളും ശ്രദ്ധേയമാണ്.

**സാമ്പത്തിക സ്ഥിതി**

കാർഷിക രംഗത്തിന് ഊന്നൽ നൽകുന്ന ബാലുശ്ശേരി ബ്ലോക്കിലെ പ്രധാന കാർഷിക വിളകൾ തെങ്ങ്, നെല്ല്, റബ്ബർ, വാഴ, മരച്ചീനി, കുരുമുളക് എന്നിവയാണ്. വയൽനികത്തിയും മറ്റു വിളകൾ കൃഷി ചെയ്യുന്ന പ്രവണതയും നെൽകൃഷിയെ ദോഷകരമായി ബാധിച്ചിരുന്നെങ്കിലും സർക്കാർതലത്തിലെ പ്രോത്സാഹനങ്ങൾ കാരണം കർഷകർ പതുക്കെ നെൽകൃഷിയിലേക്ക് തിരിച്ചുവരുന്നതിന് കാരണമാകുന്നു. പശു, ആട്, കോഴി വളർത്തലുകളും പ്രോത്സാഹനങ്ങളുടെ ഭാഗമായി തിരിച്ചുവരവിന്റെ പാതയിലാണ്. ഭക്ഷ്യവിള ഉൽപാദന മേഖലയിൽ നിന്ന് കർഷകർ അകന്നുനിന്നിരുന്നതിനും മാറ്റം വരുന്നു. പുറമെ നിന്നുകൊണ്ടുവരുന്നവയിലെ വിഷസാന്നിധ്യമാണ് പ്രധാന കാരണം. നാണ്യവിള മേഖലയിലെ വിലത്തകർച്ച കർഷകരെ ദോഷകരമായി ബാധിക്കുന്നു. എന്നാൽ ത്രിതല പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ഉണ്ടായ പ്രോജക്ട് നിർദ്ദേശങ്ങളും സർക്കാറിന്റെ സമീപനവും കൃഷിക്കാർക്ക് ആശ്വാസമേകുന്നുണ്ട്.

കാർഷികോൽപന്നങ്ങൾ വിറ്റഴിക്കാൻ മുമ്പത്തെപ്പോലെ കോഴിക്കോട് പട്ടണത്തെ ആശ്രയിക്കാതെ തന്നെ ബ്ലോക്കിന്റെ വിവധ ഭാഗങ്ങളിലെ അങ്ങാടികളിൽ സൗകര്യം സാധ്യമായിരിക്കുന്നു. ആടുമാടുകളുടെ കൈമാറ്റത്തിനും ഗ്രാമീണ ഉൽപന്നങ്ങളുടെ വിപണനത്തിനുമായി ബാലുശ്ശേരി, എകരുൽ, തലയാട് എന്നിവിടങ്ങളിലെ ആഴ്ച ചന്തകൾ സജീവമാണ്.

കാർഷിക മേഖലയിലും പരമ്പരാഗത മേഖലയിലും തകർച്ച സംഭവിച്ചപ്പോൾ ഈ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം കുറഞ്ഞുവന്നിരുന്നു. എന്നാൽ സർക്കാർ നിലപാടും മേഖലകളിലെ പുത്തനുണർവ്വും ആശ്വാസമാകുന്നുണ്ട്. ചെറുകിട സ്വയംതൊഴിൽ മേഖലകളിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് ഇതു ത്വരിതപ്പെടുത്തേണ്ടിയിരിക്കുന്നു. കിനാലൂരിലെ വ്യവസായ കേന്ദ്രങ്ങളിൽ വിവധ വ്യവസായ യൂനിറ്റുകൾ പ്രവർത്തനമാരംഭിച്ച് പുരോഗതി പ്രാപിക്കുന്നത് ആവേശത്തോടെയാണ് ജനങ്ങൾ വീക്ഷിക്കുന്നത്.

# ബ്ലോക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥന്മാരുടെ ചുമതലകളും, ഉത്തരവാദിത്വങ്ങളും

1. **സെക്രട്ടറി/ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ/ബി.പി.ഒ**

ബ്ലോക്ക് പഞ്ചായത്തിലെ ജീവനക്കാരെ പ്രസിഡണ്ടിന്റെ പൊതുമേൽനോട്ടത്തിനും നിയന്ത്രണത്തിനും വിധേയമായി നിയന്ത്രിക്കുകയും ചുമതലകളും ഉത്തരവാദിത്വങ്ങളും നിശ്ചയിച്ച് നൽകുകയും ചെയ്യുക. ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിന്റെയും, ഭരണപരമായ എല്ലാ രേഖകളും സൂക്ഷിക്കുക, വാർഷിക പദ്ധതികളും പഞ്ചായത്ത് പദ്ധതികളും തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ സമന്വയിപ്പിച്ച് നിശ്ചിത സമയത്തിനകം ജില്ലാ ആസൂത്രണ സമിതികൾക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങുക. വിവരാവകാശ പബ്ലിക് ഇൻഫർമേഷൻ ഓഫീസറായി പ്രവർത്തിക്കുക.

MGNREGS, ഐ.എ.വൈ, പി.എം.എ വൈ (ജി) എസ്.ജി.ആർ.വൈ, ടി.എസ്.സി, എൻ.എ.ബി, എ ആർ ഡി, ആർ.ഐ.ഡി.എഫ്, പി.എം.ജി.എസ്.വൈ തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും എം.എൽ.എ മാരുടെ പ്രത്യേക വികസന ഫണ്ട്, വരൾച്ച വെള്ളപ്പൊക്ക ദുരിതാശ്വാസഫണ്ട്, എന്നിവയുടെ ഫലപ്രദവും സമയബന്ധിതവുമായ നിർവ്വഹണം, എക്സറ്റൻഷൻ ഓഫീസർമാർ, വനിതാക്ഷേമ ഓഫീസർ എന്നിവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക, റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് സഹായിക്കുക, വി.ഇ.ഒ, ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാർ, ജനറൽ എക്സ്റ്റൻഷൻ ഓഫീസർ, എക്സ്റ്റൻഷൻ ഓഫീസർ (വനിതാ ക്ഷേമം) എന്നിവരുടെ പ്രവർത്തികളിൽ മേൽനോട്ടവും വിലയിരുത്തലും, സർക്കാർ കാലാകാലങ്ങളിൽ ഏൽപ്പിക്കുന്ന മറ്റ് പ്രവൃത്തികൾ.

2. **ജോയന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ (ഇ.ജി.എസ്)**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ബ്ലോക്ക്തല മേൽനോട്ടം, ബ്ലോക്ക് പ്രോഗ്രാം ഓഫീസറെ സഹായിക്കൽ എന്നിവ പ്രധാന ചുമതലകളാണ്. തൊഴിലുറപ്പ് തൊഴിലാളികൾക്ക് പ്രവൃത്തി ചെയ്യുന്നതിനുള്ള മസ്റ്റർറോൾ വിതരണം പരിശോധിക്കുക.

3. **ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ (ഹൗസിംഗ്)**

കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എ.വൈ (ജി). ഭവനനിർമ്മാണം, വായ്പാബന്ധിത ഭവന നിർമ്മാണപദ്ധതികൾ, ലൈഫ് പദ്ധതി എന്നിവയുടെ നിർവ്വഹണത്തിന് ആവശ്യമായ പ്രമാണങ്ങൾ, ഉടമ്പടികൾ എന്നിവ വെയ്ക്കുന്നതിനുള്ള പ്രവർത്തനം നടത്തുക. ഭവനനിർമ്മാണ പുരോഗതി പരിശോധിക്കുക. സ്റ്റേജ് സർട്ടിഫിക്കറ്റുകൾ നൽകി തവണകൾ അനുവദിക്കുന്നതിന് ശുപാർശ ചെയ്യുക. ഐ.എ.വൈ, പി.എം.എ.വൈ (ജി) വാർഷിക പദ്ധതി ഗുണഭോക്താക്കളുടെ മുൻഗണനാലിസ്റ്റ് എന്നിവ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക. വീട് നിർമ്മാണ പുരോഗതിയുമായി ബന്ധപ്പെട്ട വി.ഇ.ഒ എന്നിവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുക. ബി.ഡി.ഒ ഏൽപ്പിക്കുന്ന മറ്റ് പ്രവർത്തികൾ ചെയ്യുക.

4. **ജനറൽ എസ്റ്റൻഷൻ ഓഫീസർ (ജി.ഇ.ഒ) മുഖേന ലഭ്യമാകുന്ന സേവനങ്ങൾ**

1. എം.പി.കെ.ബി.വൈ (മഹിളാപ്രധാന ക്ഷത്രിയ ബജറ്റ് യോജന) പദ്ധതി പ്രകാരമുള്ള എല്ലാ പ്രവർത്തനങ്ങളും കൈകാര്യം ചെയ്യുന്നു. മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ ഇവരുടെ ക്ഷേമനിധി പെൻഷൻ എന്നിവ തയ്യാറാക്കുന്നു.
2. അപേക്ഷ പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട്, എൻ.എസ്.സി സെക്യൂരിറ്റി എന്നിവയുടെ അടിസ്ഥാനത്തിൽ ഏജൻസി പുതുക്കികൊടുക്കുന്നു.
3. സുചിത്വം, മാലിന്യനിർമ്മാർജ്ജനം എന്നിവ സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് ഭരണസമിതിയുമായി ഇടപെടുന്ന പ്രധാന കണ്ണിയായി പ്രവർത്തിക്കുന്നു.
4. പൈക്ക, കേരളോത്സവം തുടങ്ങിയ കലാ-കായിക മത്സരങ്ങളിൽ മുഖ്യകണ്ണിയായി പ്രവർത്തിക്കുന്നു.
5. വാർഷികപദ്ധതി നിർവ്വണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അസിസ്റ്റന്റ് കോഡിനേറ്റർ എന്ന നിലയിൽ പ്രവർത്തിക്കുന്നു.
6. ബ്ലോക്കിന്റെ സർവ്വതോന്മുഖമായ പുരോഗതിക്കുവേണ്ടി പൊതുവായ എല്ലാ കാര്യങ്ങളിലും ഇടപെട്ടു പ്രവർത്തിക്കുന്ന ഒരു ഉദ്യോഗസ്ഥനാണ് ജനറൽ എക്സറ്റൻഷൻ ഓഫീസർ.

5. **വനിതാ ഓഫീസർ മുഖേന ലഭ്യമാകുന്ന സേവനങ്ങൾ**

1. നീർത്തട വികസന പദ്ധതി
2. ജന്റർ ഡവലപ്പ്മെന്റ് പദ്ധതി
3. കുടുംബശ്രീ/സ്വയം സഹായ സംഘങ്ങൾക്ക് വിപണനമേളയ്ക്ക് വേണ്ട ഏർപ്പാടുകൾ ചെയ്തുകൊടുക്കുക.
4. എക്സറ്റൻഷൻ ട്രെയിനിംഗ് സെന്ററിന്റെ നിർദ്ദേശപ്രകാരം പരിശീലനത്തിന് തൊഴിൽ ഗ്രൂപ്പുകളെ ശുപാർശ ചെയ്യുക.
5. ഒരു ഗ്രാമപ്രദേശത്തെ ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തൽ.
6. വിവിധ പദ്ധതികളിൽ ബ്ലോക്ക് മുഖേന നൽകിയ സ്വയം തൊഴിൽ പദ്ധതി മോണിറ്ററിംഗ്.

6. **എസ്റ്റൻഷൻ ഓഫീസർ (P&M) ലഭ്യമാകുന്ന സേവനങ്ങൾ.**

1. ഐ.എ.വൈ, പി.എം.എ.വൈ (ജി) വീടുകളുടെ പുരോഗതി വിവരങ്ങൾ വി.ഇ.ഒ മാരോട് ശേഖരിച്ച് പ്രോജക്ട് ഡയറക്ടർക്ക് സമർപ്പിക്കുന്നു. പി.ഡി വിളിച്ചുകൂട്ടുന്ന യോഗങ്ങളിൽ പങ്കെടുത്ത് ബ്ലോക്കിലെ കേന്ദ്രപ്രോജക്ട് റിവ്യൂമീറ്റിംഗിൽ പ്രോഗ്രസ്സുകൾ അറിയിക്കുന്നു.
2. ബ്ലോക്കിലെ മുഴുവൻ പ്രവർത്തികളിലും ബി.ഡി.ഒ യെ സഹായിക്കുന്നു.
3. സ്റ്റാഫ് മീറ്റിംഗിലും ഭരണസമിതി മീറ്റിംഗിലും മിനുട്സ് കൈകാര്യം ചെയ്യുന്നു.
4. വി.ഇ.ഒ മാരുടെ ടൂർ ഡയറി, പ്രോഗ്രാം ഡയറി എന്നിവ ശേഖരിച്ച് വി.ഡി.ഒ യ്ക്ക് റിപ്പോർട്ട് നൽകുന്നു.
5. പ്ലാനിംഗ് സംബന്ധമായി ബി.ഡി.ഒ യെ സഹായിക്കുന്നു.
6. ബ്ലോക്കുമായി ബന്ധപ്പെട്ട ഡാറ്റ ശേഖരിച്ചുവെക്കുന്നു.

7. മിനിസ്റ്റീരിയൽ വിഭാഗം



1. ഹെഡ്ക്ലാർക്ക്:-

ഓഫിസിൽ എത്തുന്ന തപാലുകൾ പൊട്ടിച്ച് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടും സെക്രട്ടറിയും കാണുന്നതിനായി സമർപ്പിക്കുക.

ഓഫീസിൽ നിന്നും തിരികെ ലഭിക്കുന്ന തപാലുകൾ വിതരണം ചെയ്യേണ്ടതായ സെക്ഷനുകളിൽ ഏൽപ്പിക്കുക.

ബന്ധപ്പെട്ട സെക്ഷനുകളിൽ തപാലുകൾ ഡിസ്ട്രിബ്യൂഷൻ റജിസ്റ്ററിൽ ഒപ്പിട്ട് കൈപ്പറ്റിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.

അറ്റന്റൻസ് റജിസ്റ്റർ, ക്യാഷൽ ലീവ് റജിസ്റ്റർ, അനുബന്ധ റജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുക.

വിവരാവകാശ നിയമപ്രകാരമുള്ള അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ചുമതല നിർവ്വഹിക്കുക.

ക്യാഷ് ബുക്കും, അനുബന്ധ റജിസ്റ്ററുകളും അതാത് ദിവസം എഴുതി ശരിയാക്കി ബി.ഡി.ഒ യ്ക്ക് സമർപ്പിക്കുക.

എക്കൗണ്ടന്റ് ജനറൽ, ലോക്കൽ ഫണ്ട് ഓഡിറ്റ്, പെർഫോമൻസ് ഓഡിറ്റ്, ഡിപ്പാർട്ട്മെന്റൽ ഓഡിറ്റ്, തുടങ്ങിയ ഓഡിറ്റ് റിപ്പോർട്ടുകളിൽ യഥാസമയം മറുപടി സമർപ്പിക്കുന്നു എന്ന് ഉറപ്പാക്കുക.

പ്രമാണങ്ങൾ, രേഖകൾ, രശീത് പുസ്തകങ്ങൾ, ഇൻവെസ്റ്റ്മെന്റ് സർട്ടിഫിക്കറ്റുകൾ, ബോണ്ടുകൾ എന്നിവ ക്യാഷ് ചെസ്റ്റിന്റെ ഒരു ഭാഗത്ത് സൂക്ഷിക്കുക.

വരവുകളും ചെലവുകളും പരിശോധിക്കുക.

പദ്ധതി, പദ്ധതിയേതര ഫണ്ടുകൾ യഥാസമയം ചെലവഴിക്കുന്നതിന് ജീവനക്കാർക്ക് നിർദ്ദേശം നൽകുക.

സെക്ഷനുകളിലെ പേഴ്സണൽ റജിസ്റ്റർ എല്ലാമാസവും പരിശോധിക്കുക.

സെക്ഷനുകളിൽ നിന്നും ഉത്തരവിനായി സമർപ്പിക്കുന്ന ഫയലുകൾ പരിശോധിച്ച് നിയമാനുസൃതമെന്ന് ഉറപ്പുവരുത്തുക.

പ്രസിഡണ്ടും സെക്രട്ടറിയും യഥാസമയങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുക.

2. ഹെഡ് അക്കൗണ്ടന്റ്:-

ബ്ലോക്ക് ഓഫീസിലെ മുഴുവൻ ബാങ്ക് അക്കൗണ്ടുകളുടെയും ചെക്ക് ബുക്കുകൾ സൂക്ഷിക്കുക.

വാർഷിക ബജറ്റുകൾ തയ്യാറാക്കുക.

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിലേക്കുള്ള വരവ് ചെലവ് കണക്കുകൾ തയ്യാറാക്കുക.

ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി ചെലവുകളും മറ്റു ചെലവുകളും യഥാവിധി രേഖപ്പെടുത്തി പണം നൽകുക.

**എ സെക്ഷൻ വഴി ലഭ്യമാകുന്ന സേവനങ്ങൾ**

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ ജീവനക്കാരുടെ സേവന-വേതന സംബന്ധമായ എല്ലാകാര്യങ്ങളും നിർവ്വഹിക്കുന്നു.

ത്രിതല പഞ്ചായത്തിലേക്കുള്ള പൊതു തെരഞ്ഞെടുപ്പ്, സംസ്ഥാന നിയമസഭ,

ലോകസഭയിലേക്കുള്ള പൊതുതെരഞ്ഞെടുപ്പ് എന്നിവ സംബന്ധിച്ച് ചുമതലകൾ.

ബ്ലോക്ക് പഞ്ചായത്തിന്റെ പൊതു ആവശ്യ ഗ്രാന്റിൽനിന്നുള്ള ചെലവുകൾ സംബന്ധിച്ച ചുമതലകൾ.

**ബി സെക്ഷൻ വഴി ലഭ്യമാകുന്ന സേവനങ്ങൾ:**

ഐ.എവൈ, പി.എം.എ.വൈ പദ്ധതികളുമായി ബന്ധപ്പെട്ട ചുമതലകൾ.

ഐ.എവൈ, പി.എം.എ.വൈ എന്നീ ഭവനനിർമ്മാണ പദ്ധതികളുമായി ബന്ധപ്പെട്ട ധനസഹായം, വി.ഇ.ഒ മാരുടെ എഗ്രിമെന്റ് അപേക്ഷകൾ, സ്റ്റേറ്റ് സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് നൽകുന്ന ചുമതല.

**സി സെക്ഷൻ വഴി ലഭ്യമാകുന്ന സേവനങ്ങൾ-**

എം.പി മാരുടെ പ്രാദേശിക ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പദ്ധതികൾ കൈകാര്യം ചെയ്യുന്നു.

എം.എൽ.എ മാരുടെ ആസ്തി വികസനഫണ്ട് ഉപയോഗിച്ച് നടത്തുന്ന പദ്ധതികൾ കൈകാര്യം ചെയ്യുന്നു.

എം.പി.കെ.ബി.വൈ ഏജന്റുമാരുടെ അപേക്ഷ പുതുക്കൽ,ഹോണറേറിയം, പെൻഷൻ, ക്ഷേമനിധി മുതലായവ.

ഓഫീസിലേക്കാവശ്യമായ സ്റ്റേഷനറി, പ്രിന്റർ ഫോം എന്നിവ ലഭ്യമാക്കൽ.

ഗ്രാമലക്ഷ്മി വിതരണം ചെയ്യുന്ന സ്റ്റേഷനറി, പ്രിന്റർ ഫോറങ്ങൾ എന്നിവ ലഭ്യമാക്കൽ.

ജൻഡർ ഡെവലപ്മെന്റ് ഫയലുകൾ.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ജീവനക്കാരുടെ ശമ്പളം, ടി.എ പരാതി നിയമം

വരൾച്ച/വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതികൾ, ജില്ലാ കലക്ടറുടെ ഫണ്ടിൽനിന്നും കാലവർഷ ക്കെടുതി മുതലായ കാരണങ്ങൾ വഴിയുള്ള പ്രവൃത്തികൾ കൈകാര്യം ചെയ്യുന്നു.

ഡി സെക്ഷൻ വഴി ലഭ്യമാകുന്ന സേവനങ്ങൾ:

ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട ജോലികൾ

ജനകീയാസൂത്രണം മുതലായവ.

നബാഡ് പ്രവർത്തികൾ.

IWMP സംയോജിത നീർത്തട പരിപാലന പരിപാടി.

HADA

PMGSY

**വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ**

ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുന്ന ഓഫീസർമാരാണ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ.

ഗ്രാമപഞ്ചായത്ത് ഭവന പദ്ധതികൾ നടപ്പിലാക്കൽ

ബ്ലോക്ക് പഞ്ചായത്ത് ഭവന പദ്ധതികളായ ഐ.എ.വൈ, പി.എം.എ.വൈ പദ്ധതികൾ നടപ്പിലാക്കുക.

ലൈഫ് ഭവന പദ്ധതി നടപ്പിലാക്കുക.

ഭവന നിർമ്മാണ പുരോഗതി പരിശോധിച്ച് ബ്ലോക്ക് പഞ്ചായത്തിൽ സ്റ്റേറ്റ് സർട്ടിഫിക്കറ്റ് നൽകുക.



ഭവനിർമ്മാണ പുരോഗതി പരിശോധിച്ച് ഗ്രാമപഞ്ചായത്തിന് തുക അനുവദിക്കൽ.

വി.പി.എൽ സാക്ഷ്യപത്രം നൽകുന്നതിന് ശുപാർശ ചെയ്യുക.

ഗ്രാമപഞ്ചായത്ത് തലത്തിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുക.

ശുചിത്വമിഷനുമായി ബന്ധപ്പെട്ട മാലിന്യ സംസ്കരണ പദ്ധതികളുടെ നിർവ്വഹണം.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതികളുടെ മുഴുവൻ പ്രവൃത്തികളും ആദ്യാവസാനം പരിശോധിക്കു.

വിവിധ ക്ഷേമപെൻഷനുകൾക്ക് ആവശ്യമായ അന്വേഷണം നടത്തുക.

ചെറുകിട വ്യവസായ സംരംഭങ്ങൾ ഗ്രാമപഞ്ചായത്തിന്റെ സബ്സിഡി അനുവദിക്കുക.

നീർത്തട പരിപാലന പദ്ധതിയുടെ WDT കൺവീനറായി പ്രവർത്തിക്കുക.

വി.ഇ.ഒ മാർ

| | | | |
|---|---|---|---|
| 1. | ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് | - | 2 |
| 2. | കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് | - | 2 |
| 3. | കോട്ടൂർ ഗ്രാമപഞ്ചായത്ത് | - | 2 |
| 4. | നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് | - | 2 |
| 5. | പനങ്ങാട് ഗ്രാമപഞ്ചായത്ത് | - | 3 |
| 6. | ഉള്ളിയേരി ഗ്രാമപഞ്ചായത്ത് | - | 2 |
| 7. | ഉണ്ണികുളം ഗ്രാമപഞ്ചായത്ത് | - | 3 |

**ടൈപ്പിസ്റ്റ്**

ബ്ലോക്ക് പഞ്ചായത്തിന്റെ സ്റ്റേറ്റ്മെന്റുകൾ കത്തുകൾ തുടങ്ങിയവയുടെ അസ്സൽ ടൈപ്പ് ചെയ്ത് തയ്യാറാക്കി സമർപ്പിക്കൽ.

റെക്കോർഡുകളുടെ സൂക്ഷിപ്പ് (റെക്കോർഡ് റൂമിന്റെയും)ഫ്രണ്ട് ഓഫീസ് ചുമതല

**പ്യൂൺ (2)**

തപാലുകൾ അടുത്ത സ്ഥലങ്ങളിൽ എത്തിക്കുക.

ഓഫീസിലെ ഫയലുകൾ യഥാർത്ഥ സെക്ഷനുകളിലും ഓഫീസർക്കും പ്രസിഡണ്ടിനും എത്തിക്കൽ.

ഓഫീസ് പ്രവർത്തനത്തിന് സജ്ജമാക്കൽ.

ബ്ലോക്ക് പഞ്ചായത്തിന്റെയും ബ്ലോക്കിന്റെയും വിവിധ മീറ്റിങ്ങുകൾ നടത്തുന്നതിന് സുഗമമായ സജ്ജീകരണങ്ങൾ ചെയ്യൽ.

റെക്കോർഡ് റൂമിലെ തീർപ്പാക്കിയ ഫയലുകൾ വർഷാനുക്രമത്തിൽ സൂക്ഷിക്കുക.

റിക്കോർഡുകൾ സുരക്ഷിതമായി സൂക്ഷിക്കുക.

ട്രഷറി, ധനകാര്യ സ്ഥാപനങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ഓഫീസ് ഫയലുകളും മറ്റും റെക്കോർഡ് റൂമിൽ എത്തിക്കുക.

മേൽ വിവരിച്ച പ്രവർത്തികളിൽ പരാമർശിക്കാത്ത മറ്റു ജോലികൾ വി.ഡി.ഒ യുടെ നിർദ്ദേശമനുസരിച്ച് ചെയ്യുക.

**പി.ടി.എസ്സ്**

ഓഫീസും പരിസരവും വൃത്തിയാക്കുക.

## ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ സ്ഥാപനങ്ങൾ

| ക്രമ നമ്പർ | വകുപ്പ് | ഓഫീസും തസ്തികയും | ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം. |
|---|---|---|---|
| 1. | ഗ്രാമവികസനം | ബി.ഡി.ഒ തസ്തികയും അനുബന്ധ തസ്തികകളും | ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് ബാലുശ്ശേരി |
| 2. | കൃഷി | അസിസ്റ്റന്റ് ഡയറക്ടർ തസ്തികയും അനുബന്ധ തസ്തികകളും | അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ്, ബ്ലോക്ക് പഞ്ചായത്ത് ബി ബ്ലോക്ക് |
| 3. | വ്യവസായം | എക്സ്റ്റൻഷൻ ഓഫീസ് തസ്തിക | ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് ബാലുശ്ശേരി |
| 4. | ക്ഷീരവികസനം | ഡയരി എക്സ്റ്റൻഷൻ ഓഫീസർ അനുബന്ധ തസ്തികകളും | ഡയറി എക്സ്റ്റൻഷൻ ഓഫീസ് ബ്ലോക്ക് പഞ്ചായത്ത് ബി ബ്ലോക്ക് |
| 5. | വനിതാ ശിശു വികസനം | ചൈൽ ഡവലപ്മെന്റ് ഓഫീസർമാരും അനുബന്ധ തസ്തികകളും | ചൈൽഡ് ഡവലപ്മെന്റ് പ്രോഡക്ട് ഓഫീസ് പറമ്പിന്റെ മുകൾ. |
| 6. | പട്ടികജാതി വികസനം | പട്ടികജാതി വികസന ഓഫീസർ അനുബന്ധ തസ്തികകളും | പട്ടികജാതി വികസന ഓഫീസ് ബ്ലോക്ക് പഞ്ചായത്ത് ബി ബ്ലോക്ക് |
| 7. | ആരോഗ്യം | താലൂക്ക് ആശുപത്രി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ | ബാലുശ്ശേരി ഉള്ളിയേരി, കുരാച്ചുണ്ട്. |
| 8. | പൊതുമരാമത്ത് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അനുബന്ധ തസ്തികകൾ | ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് ബാലുശ്ശേരി |



## ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്
## ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ് സ്റ്റാഫ്

1. സെക്രട്ടറി/ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ/ബി.പി.ഒ
2. ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ (ഇ.ജി.എസ്)
3. ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ (ഹൗസിംഗ്)
4. വനിതാ ക്ഷേമ ഓഫീസർ
5. ജനറൽ എക്സ്റ്റൻഷൻ ഓഫീസർ
6. എക്സ്റ്റൻഷൻ ഓഫീസർ (P&M)
7. ഹെഡ് ക്ലാർക്ക്
8. ഹെഡ് അക്കൗണ്ടന്റ്
9. സീനിയർ ക്ലാർക്ക് - 2
10. ക്ലാർക്ക് - 2
11. ടൈപ്പിസ്റ്റ് - 1
12. വി.ഇ.ഒ മാർ - 16
13. ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ - 2
14. എക്രഡിറ്റഡ് എഞ്ചിനീയർ (MGNRES - 1
15. ഓഫീസ് അറ്റന്റർ - 2
16. ഡൈവർ - 2
17. ലാസ്റ്റ് ഗ്രേഡ് - 1

| ക്രമനമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരം | അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി | മറ്റുള്ളവ |
|---|---|---|---|---|
| 1 | ഐ.എ.വൈ, പി.എം.എ.വൈ(ജി) ഭവനനിർമ്മാണം<br>ജനറൽ വിഭാഗം<br>2 ലക്ഷം രൂപ പരമാവധി 850 ച. അടി വിസ്തീർണ്ണം<br>എസ്. സി വിഭാഗം<br>3 ലക്ഷം രൂപ പരമാവധി<br>850 ച. അടി വസ്തീർണ്ണം.<br>എസ്. ടി വിഭാഗം<br>3 ലക്ഷം രൂപ. പരമാവധി 850 ച. അടി | 1. ഗ്രാമസഭയിലൂടെ തെരഞ്ഞെടുക്കപ്പെട്ടവും ബി. പി. എൽ ലിസ്റ്റിൽ ഉൾപ്പെട്ടവരുമായിരിക്കണം.<br>2. ഗ്രാമപഞ്ചായത്ത് ബോഡ് തീരുമാനിച്ച് അംഗീകരിക്കണം.<br>3. രണ്ട് സെന്റ് ഭൂമിയെങ്കിലും കൈവശമുണ്ടായിരിക്കണം.<br>4. കക്കൂസ്, പുകയില്ലാത്ത അടുപ്പ് എന്നിവ നിർബന്ധമാണ്. | ഗ്രാമസഭാലിസ്റ്റ് ബ്ലോക്ക് പഞ്ചായത്ത് അംഗീകരിച്ച് ഗുണഭോക്താവ് എഗ്രിമെന്റ് വെച്ച് 7 ദിവസത്തിനകം ആദ്യഗഡു നൽകുന്നു. | വി.ഇ.ഒ/എൽ.വി.ഇ.ഒ മുഖേന പരിശോധന നടത്തുന്നു. |
| 2 | ബി.പി.എൽ സർട്ടിഫിക്കറ്റ് | നിശ്ചിത അപേക്ഷാഫോറത്തിൽ വി.ഇ.ഒ/എൽ.വി.ഇ.ഒ മുഖേന ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർക്ക് അപേക്ഷ നൽകണം<br>ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കണം. | 1 ദിവസം | വി.ഇ.ഒ/എൽ.വി.ഇ.ഒ മുഖേന പരിശോധന നടത്തുന്നു. |



| ക്രമനമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരം | അപേക്ഷിക്കേണ്ട വിധം | മറ്റു നിബന്ധനകൾ | സമയപരിധി |
|---|---|---|---|---|
| 1 | ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെയും ഏഴ് പഞ്ചായത്തുകളെയും പ്രോജക്ടുകളുടെ സാങ്കേതിക അനുമതി, പരിശോധന, പ്രോജക്ട് വെറ്റിംഗ്, പ്രവൃത്തികളുടെ എഗ്രിമെന്റ്, വർക്ക്ബില്ലുകളുടെ സൂക്ഷ്മപരിശോധന | | | |
| 2 | ബ്ലോക്ക് പഞ്ചായത്ത് പ്രവൃത്തികളുടെ പ്രോജക്ട് തയ്യാറാക്കൽ, എസ്റ്റിമേറ്റ് തയ്യാറാക്കൽ, എസ്റ്റിമേറ്റ് പരിശോധന, സൈറ്റ് പരിശോധന, വർക്ക് ബിൽ തയ്യാറാക്കുന്ന സൂക്ഷ്മ പരിശോധനയും. | | | |
| 3 | ബ്ലോക്ക്, ജില്ല, MPLAD, Flood, MLASGF, Nabard, Corpus Fund, CMLRRP Fund, Petty Work/ 15 ലക്ഷം വരെയുള്ള പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി നൽകുക, എസ്റ്റിമേറ്റ് പരിശോധന, സൈറ്റ് പരിശോധന. | | | 30 |
| 4 | വിവരാവകാശത്തിനുള്ള മറുപടി നൽകൽ | | | ദിവസത്തിനുള്ളിൽ |
| 5 | സ്കൂളുകളുടെ പുതിയ നിർമ്മാണത്തിനുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് | നിർദ്ദിഷ്ട ഫോമിലുള്ള അപേക്ഷ | | |

# എൽ.എസ്.ജി.ഡി വിഭാഗം



## എൽ.എസ്.ജി.ഡി വിഭാഗം
## ഓഫീസ് വിഭാഗം

| | | |
|---|---|---|
| 1. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 |
| 2. | അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| 3. | ഡ്രാഫ്റ്റ്സ്മാൻ | 2 |
| 4. | ക്ലാർക്ക് | 1 |
| 5. | ടൈപ്പിസ്റ്റ് | 1 |
| 6. | ഓഫീസ് അറ്റന്റർ | 1 |

| ക്രമനമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരം | ലഭ്യമാക്കുന്ന ഓഫീസ് / ഉദ്യോഗസ്ഥർ | അപേക്ഷിക്കേണ്ട വിധം | മറ്റു നിബന്ധനകൾ | സമയപരിധി |
|---|---|---|---|---|---|
| 1 | ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെയും ഏഴ് പഞ്ചായത്തുകളെയും പ്രോജക്ടുകളുടെ സാങ്കേതിക അനുമതി, പരിശോധന, പ്രോജക്ട് വെറ്റിംഗ്, പ്രവൃത്തികളുടെ എഗ്രിമെന്റ്, വർക്ക്ബില്ലുകളുടെ സൂക്ഷ്മപരിശോധന | അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ | Price, സുലേഖ സോഫ്റ്റ് വെയർ മുഖാന്തരം നിർദ്ദിഷ്ട ഫോമിലുള്ള അപേക്ഷ | | 15 ദിവസത്തിനുള്ളിൽ |
| 2 | ബ്ലോക്ക് പഞ്ചായത്ത് പ്രവൃത്തികളുടെ പ്രോജക്ട് തയ്യാറാക്കൽ, എസ്റ്റിമേറ്റ് തെയ്യാറാക്കൽ, എസ്റ്റിമേറ്റ് പരിശോധന, എസ്റ്റിമേറ്റ് സാങ്കേതിക അനുമതി നൽകൽ, ടെണ്ടർ ചെയ്യൽ, സൈറ്റ് പരിശോധന, വർക്ക് ബിൽ തയ്യാറാക്കുന്ന സൂക്ഷ്മ പരിശോധന, സർവ്വെ റിപ്പോർട്ട് പരിശോധന, പൊളിച്ചുമാറ്റുന്ന കെട്ടിടങ്ങളുടെ സർവ്വെ റിപ്പോർട്ട് തയ്യാറാക്കൽ, ലേലം നടത്തിപ്പ് | അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ | സുലേഖ, സാംഖ്യ സോഫ്റ്റ് വെയർ മുഖാന്തരം നിർദ്ദിഷ്ട ഫോമിലുള്ള അപേക്ഷ | | 15 ദിവസത്തിനുള്ളിൽ |
| 3 | ബ്ലോക്ക്, ജില്ല, MPLAD, Flood, MLA SGF, Nabard, Corpus Fund, CMLRRP Fund, Petty Work/ 15 ലക്ഷം വരെയുള്ള പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി നൽകുക, എസ്റ്റിമേറ്റ് പരിശോധന, സൈറ്റ് പരിശോധന, MGNREGS പ്രവർത്തികളുടെ ടി. എസ്സ് നൽകൽ | അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ | സുലേഖ, സാംഖ്യ സോഫ്റ്റ് വെയർ മുഖാന്തരം നിർദ്ദിഷ്ട ഫോമിലുള്ള അപേക്ഷ | | 15 ദിവസത്തിനുള്ളിൽ |
| 4 | വിവരാവകാശത്തിനുള്ള മറുപടി നൽകൽ | അസിസ്റ്റന്റ് എഞ്ചിനീയർ/പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ അപ്പീൽ അതോറിറ്റി | | | 30 ദിവസത്തിനുള്ളിൽ |
| 5 | സ്കൂളുകളുടെ പുതിയ നിർമ്മാണത്തിനുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് | അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ | നിർദ്ദിഷ്ട ഫോമിലുള്ള അപേക്ഷ | | 30 ദിവസത്തിനുള്ളിൽ |